**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **19-09-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുന്ന മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്നതും ഉൾനാടൻ ജലഗതാഗത വകുപ്പ് പൂർത്തിയാക്കിയതുമായ ബോട്ടുജെട്ടികളുടെ പരിപാലനത്തിനായി കൈക്കൊള്ളേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ നിർമ്മാണം പൂർത്തീകരിച്ച് ഡി.ടി.പി.സി. ക്ക് കൈമാറിയ മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പഴയങ്ങാടി, കവ്വായി, പുന്നക്കടവ് ബോട്ട് ജെട്ടികളുടെ നടത്തിപ്പിനായി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കരാർ ഒപ്പ് വെച്ചിട്ടുണ്ട്. കൂടാതെ വരുമാനം ലഭിക്കുന്നതിനുള്ള കിയോസ്കുകൾ ഉൾപ്പെടെ കരാറുകാരൻ മുഖേന ഏർപ്പെടുത്താനുള്ള നടപടികൾ ഡി.ടി.പി.സി സ്വീകരിച്ചു വരുന്നു.<br><br>2. സ്വദേശ് ദർശൻ സ്കീം - പട്ടുവം, ചെറുകുന്ന് ബോട്ട് ജെട്ടി നടത്തിപ്പിന് കരാറുകാരനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ വരുമാനം ലഭിക്കുന്നതിനുള്ള കിയോസ്കുകൾ ഉൾപ്പെടെ കരാറുകാരൻ മുഖേന ഏർപ്പെടുത്താനുള്ള നടപടികൾ ഡി.ടി.പി.സി സ്വീകരിച്ചു വരുന്നു. |
| (ബി) | പഴയങ്ങാടി ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പഴയങ്ങാടി ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് നടത്തിപ്പിന് വേണ്ടി ടെണ്ടർ നടത്തി കരാറുകാരനെ കണ്ടെത്തിയിട്ടുണ്ട്. ആയത് പ്രകാരം ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് കൈമാറി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ